**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - Strengthening of Agricultural Extension - HR support to Project Directorates of ATMA - കരാർ ജീവനക്കാരുടെ സേവന കാലാവധി ദീർഘിപ്പിച്ചു നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**കൃഷി (പിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.750/2026/AGRI തീയതി, തിരുവനന്തപുരം, 10-08-2026

---

പരാമർശം:-

1. സ.ഉ(സാധാ) നം.1449/13/AD തീയതി 01.08.2013.
2. സ.ഉ(സാധാ) നം.1628/14/AD തീയതി 03.09.2014
3. സ.ഉ(സാധാ) നം.28/2016 തീയതി 26/02/2016.
4. സ.ഉ(പി) നം.56/2017 തീയതി 28/04/2017.
5. സ.ഉ(പി) നം 112/2018 തീയതി 21/07/2018.
6. സ.ഉ(പി) നം.81/2019/ധന തീയതി 09/07/2019.
7. സർക്കുലർ നം. 3/2019/ധന തീയതി 11.01.2019.
8. സർക്കുലർ നം. 61/2022/ധന തീയതി 22.07.2022.
9. സ.ഉ(പി) നം .29/2021/ധന തീയതി 11/02/2021
10. സ.ഉ(പി) നം .54/2025/ധന തീയതി 19.04.2025
11. സ.ഉ(പി) നം .24/2026/ധന തീയതി 18.02.2026
12. സ.ഉ(സാധാ) നം. 320/2023/കൃഷി തീയതി 30.03.2023.
13. സ.ഉ(സാധാ) നം. 435/2024/കൃഷി തീയതി 16.05.2024.
14. സ.ഉ(സാധാ) നം. 345/2025/കൃഷി തീയതി 02.04.2025.
15. കൃഷി ഡയറക്ടറുടെ 21.01.2026 തീയതിയിലെ ADFW/ 187/ 2026 - ATMA നമ്പർ കത്ത് .

**<u>ഉ ത്ത ര വ്</u>**

HR Support to Project Directorates of ATMA പദ്ധതിയിൽ 25 ജില്ലാ ടെക്നോളജി മാനേജർമാരെ 14 ജില്ലകളിലെ ആത്മ പ്രോജക്റ്റ് ഡയറക്ടറുടെ കാര്യാലയങ്ങളിലും(23 പേർ) ആത്മ സ്റ്റേറ്റ് നോഡൽ സെല്ലിലും(2 പേർ) കരാർ അടിസ്ഥാനത്തിൽ നിയമിക്കാൻ പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പരാമർശം(2) പ്രകാരം 20 ജില്ലാ ടെക്നോളജി മാനേജർമാരെ ഇതേ പദ്ധതിയിൽ ആത്മ പ്രോജക്റ്റ് ഡയറക്ടറുടെ കാര്യാലയങ്ങളിലും വേങ്ങേരി എഫ്.റ്റി.സിയിലും പന്തളം എഫ്.റ്റി.സി.യിലുമായി 4 ടെക്നിക്കൽ ഓഫീസർമാരെയും നിയമിക്കാൻ അനുമതി നൽകിയിരുന്നു. അപ്രകാരം ജോലി ചെയ്തു വന്നിരുന്ന ജില്ലാ ടെക്നോളജി മാനേജർ, ടെക്നിക്കൽ ഓഫീസർമാർ എന്നിവർക്ക് സ്ഥിരനിയമനത്തിന് അവകാശം ഉന്നയിക്കില്ല എന്ന കർശന വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തി 2023-24, 2024-25, 2025-26 സാമ്പത്തിക

വർഷങ്ങളിലേയ്ക്ക് യഥാക്രമം പരാമർശം (12), (13), (14) സർക്കാർ ഉത്തരവുകൾ പ്രകാരം കരാർ ദീർഘിപ്പിച്ച് നൽകിയിരുന്നു.

2. ' HR Support to Project Directorates of ATMA ' പദ്ധതിയിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന 30 ടെക്നോളജി മാനേജർമാരെയും 4 ടെക്നിക്കൽ ഓഫീസർമാരെയും 31.03.2026നു ശേഷം 2026-27 സാമ്പത്തിക വർഷത്തിലേയ്ക്കും തുടർ നിയമനം നൽകണമെന്ന് പരാമർശം (15) ലെ കത്ത് മുഖേന കൃഷി ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. "HR Support to Project Directorates of ATMA" എന്ന പദ്ധതിയിൽ നിലവിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ***30 ടെക്നോളജി മാനേജർമാരുടേയും 4 ടെക്നിക്കൽ ഓഫീസർമാരുടേയും*** തുടർ നിയമനം 31/03/2026 തീയതി പ്രാബല്യത്തിൽ അവസാനിപ്പിക്കുന്ന പക്ഷം, ആയതു പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുണ്ട് എന്ന വസ്തുത കണക്കിലെടുത്ത്, ദിവസവേതന/കരാർ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ ഉൾപ്പെടുത്തികൊണ്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പരാമർശം (1) മുതൽ (11) വരെയുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിച്ചു കൊണ്ടും ***"സ്ഥിര നിയമന വാദം ഉന്നയിക്കില്ല"*** എന്ന സത്യവാങ്മൂലം ബന്ധപ്പെട്ട നിയമന അധികാരി വാങ്ങേണ്ടതാണെന്നുമുള്ള വ്യവസ്ഥയിന്മേലും വേതനം നല്കുന്നതിനായുമുള്ള ഫണ്ട് ലഭ്യത ഉറപ്പ് വരുത്തിയും കൃഷി വകുപ്പിനു കീഴിൽ *HR Support to Project Directorates of ATMA* പദ്ധതിയിൽ തുടർന്നു വരുന്ന ജില്ലാ ടെക്നോളജി മാനേജർ, ടെക്നിക്കൽ ഓഫീസർ എന്നീ താല്കാലിക ജീവനക്കാരുടെ സേവനകാലാവധി 02/04/2026 തീയതി പ്രാബല്യത്തിൽ 179 ദിവസത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ടി സമയ പരിധിക്കുള്ളിൽ പുതിയ ഉദ്യോഗാർത്ഥികളെ പ്രാദേശിക എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ച് മുഖേന തെരഞ്ഞെടുക്കുന്നതിനുള്ള സത്വര നടപടികൾ കൃഷി വകുപ്പ് ഡയറക്ടർ കൈക്കൊള്ളേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മിൻഹാജ് ആലം ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ് I / ആഡിറ്റ് II )കേരള, തിരുവനന്തപുരം.

ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-എ) വകുപ്പ് (04.08.2026 തീയതിയിലെ U.O(F) 3417265/ Agri-A2/27/2026-FIN കുറിപ്പ് മുഖേന)

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (PA2/9/2026-AGRI).

ഉത്തരവിൻ പ്രകാരം

Digitally signed by
Megha. R
Date: 10-08-2026
17:14:18

സെക്ഷൻ ഓഫീസർ